പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4 | 28.05.2019 - ൽ മറുപടിക്ക്

## നവകേരള സൃഷ്ടിക്കായി അഭിപ്രായ സ്വരൂപണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ .മഞ്ഞളാംകുഴി അലി<br>ശ്രീ .എം .ഉമ്മർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | നവകേരള സൃഷ്ടിക്കായിഏതെല്ലാം മേഖലകളിൽ നിന്നുള്ള പ്രശസ്ത വ്യക്തികളുടെയും സംഘടനകളുടെയും അഭിപ്രായം ക്രോഡീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ), (ബി) & (സി) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതിയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP യിൽ ഉൾപ്പെടുന്നു. |
| ബി) | സംസ്ഥാനത്തിന്റെ പുനർനിർമ്മാണം എന്ന ആശയം നടപ്പിലാക്കുന്നതിന് ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട് ,വിശദാംശം ലഭ്യമാക്കുമോ; | | |
| സി) | നവകേരള സൃഷ്ടി എന്ന ആശയം നടപ്പാക്കുന്നതിന് | | |

| | |
|---|---|
| സാമൂഹ്യ മാധ്യമങ്ങൾ വഴി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ സ്വരൂപണം നടത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള, ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള കേരളപുനർനിർമാണത്തിന് കരുത്തേകുന്നതാണ് RKDP. അതിജീവനക്ഷമതയുള്ള വികസനത്തിന്റെ പുതിയ വഴിത്താരയിലൂടെ ഒരു നവകേരള സൃഷ്ടിയാണ് RKDP യിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്നതാണ് RKDP ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളുടെ അദ്ധ്യക്ഷന്മാരുടെയും അവയുടെ വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരുടെയും ലോകബാങ്ക് ഉദ്യോഗസ്ഥരുടെയും കൂട്ടായ ചർച്ചകൾക്കു ശേഷമാണ് RKDP യുടെ പ്രാഥമിക കരടിന് രൂപം നൽകിയത്. അതിനു ശേഷം പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കുന്നതിനായി പ്രസ്തുത കരട് സർക്കാർ വെബ് സൈറ്റിലും റീബിൽഡ് കേരളയുടെ സൈറ്റിലും പ്രസിദ്ധീകരിക്കുകയും ബഹു. പ്രതിപക്ഷ നേതാവ് ഉൾപ്പെടുന്ന ഉപദേശക സമിതിക്ക് മുൻപാകെ പരിഗണനയ്ക്കായും |

അഭിപ്രായങ്ങൾക്കായും സമർപ്പിക്കുകയും ചെയ്തു. തുടർന്ന്, സംസ്ഥാനത്തു പ്രവർത്തിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ വിവിധ ഏജൻസികളുടെ സഹകരണത്തോടെ RKDP-യുമായി ബന്ധപ്പെട്ട മേഖലകളിലെ വിഷയ വിദഗ്ധർ, ഉദ്യോഗസ്ഥർ, ആസൂത്രണ ബോർഡിൽ നിന്നുള്ള വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 2019 മാർച്ചിൽ സെക്ടറൽ ശിൽപശാലകൾ സംഘടിപ്പിക്കുകയും RKDP യിൽ കൂട്ടിച്ചേർക്കേണ്ടവ ചർച്ച ചെയ്യുകയും ചെയ്തു. ഈ ശിൽപശാലകളിൽനിന്നും പൊതുജനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദേശങ്ങളും RKDP-യിൽ കൂട്ടിച്ചേർക്കുന്നതുമായി ബന്ധപ്പെട്ട് 24/03/2019 ൽ വീണ്ടും ഒരു ശിൽപശാല (workshop) സംഘടിപ്പിച്ചു. ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും വിഷയ വിദഗ്ധരിൽ നിന്നും അഭിപ്രായ സ്വരൂപണം നടത്തി തയ്യാറാക്കിയ RKDP-യുടെ അന്തിമ കരടിന് 22/05/2019-ന് മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**